# ട്രഞ്ചിംങ്ങ് ഗ്രൗണ്ടിലെ മാലിന്യകൂമ്പാരം നീക്കം ചെയ്ത് മാതൃക തീർത്ത് താമരശ്ശേരി ഗ്രാമപഞ്ചായത്ത്

**<u>ആമുഖം</u>**

താമരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അമ്പലമുക്ക് പൂവറ എസ്റ്റേറ്റിനുള്ളിലെ ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ കെട്ടി കിടന്നിരുന്ന മാലിന്യം പൂർണ്ണമായും നീക്കം ചെയ്ത് താമരശ്ശേരി ഗ്രാമ പഞ്ചായത്ത് മാതൃകയായി. വർഷങ്ങളായി താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വാർഡ് 9 ൽ സ്ഥിതി ചെയ്യുന്ന പൂവ്വറ എസ്റ്റേറ്റിൽ പഞ്ചായത്ത് വാങ്ങിയ നാലേ മുക്കാൽ ഏക്കർ സ്ഥലത്താണ് അശാസ്ത്രീയ മായി മാലിന്യങ്ങൾ നിക്ഷേപിച്ചുവന്നത്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 2000-2005 കാലഘട്ടത്തി ലാണ് പ്രസ്തുത സ്ഥലം വാങ്ങിയത്. തുടർന്ന് താമരശ്ശേരി അങ്ങാടിയിൽ നിന്ന് ശേഖരിക്കുന്ന മാലിന്യ ങ്ങൾ തരംതിരിക്കാതെ ഇവിടെ നിക്ഷേപിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്ത് പോന്നു.









**<u>മാലിന്യ സംസ്കരണം ശാസ്ത്രീയമാക്കാനുള്ള ശ്രമങ്ങൾ</u>**

അശാസ്ത്രീയമായ മാലിന്യ നിക്ഷേപം തുടർന്നും കൊണ്ടുപോകുന്നത് ശാശ്വതമായ പരിഹാരമല്ല എന്ന് ബോധ്യപ്പെടുകയും ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരണത്തിന് അയക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ഈ സ്ഥലത്ത് 2015-20 ഭരണസമിതിയുടെ കാലത്ത് പണി കഴിപ്പിച്ചു. എന്നാൽ പ്രസ്തുത സ്ഥലത്തേക്ക് ഹരിതകർമ്മസേനാംഗങ്ങൾ ദിനംപ്രതി എത്തുന്നതിനുള്ള വഴി-വാഹന സൗകര്യത്തിന്റെ പരിമിതി ഉള്ളതിനാൽ എം സി എഫ് പ്രവർത്തനവും പൂർണ്ണതോതിൽ സജ്ജമാക്കാൻ സാധിച്ചിരുന്നില്ല. മറ്റ് മാർഗ്ഗങ്ങളുടെ അഭാവത്തിൽ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ മാലിന്യ നിക്ഷേപം തുടർന്ന് വരികയും ഉയർന്ന പ്രദേശമായതിനാൽ പല പാരസ്ഥിതിക പ്രശ്നങ്ങളും ഉയർന്നുവരാനുള്ള സാധ്യതകളും ചൂണ്ടിക്കാണിക്കപ്പെട്ടു. പ്രദേശത്തിനോട് ചേർന്ന് വീടുകളോ മനുഷ്യവാസമോ ഇല്ലാത്തതിനാൽ പൊതുജന പ്രതിഷേധമൊന്നും ഇതിനെതിരെ ഉണ്ടായിട്ടില്ല.

## മാലിന്യ നീക്കമെന്ന വെല്ലുവിളി

പുതിയ ഭരണ സമിതി നിലവിൽ വന്നതിന് ശേഷം ഗ്രാമ പഞ്ചായത്ത് 'ഹരിതം സുന്ദരം താമരശ്ശേരി' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് ഏറെ വെല്ലുവിളി നിറഞ്ഞ പ്രശ്നമായിരുന്നു നിലവിൽ കെട്ടി കിടക്കുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുക എന്നുള്ളത്. അശാസ്ത്രീയ മാലിന്യ നിക്ഷേപം സംബന്ധിച്ച് ജില്ലാ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ ചൂണ്ടിക്കാണിക്കുകയും താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ ഗൗരവമായി ഇടപെടാൻ തീരുമാനിക്കുകയും ചെയ്തു. 2021 ഏപ്രിൽ മാസം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ പ്രിൻസിപ്പൽ സെക്രട്ടറി അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ IAS അവലോകനം നടത്തുന്നതിന്റെ ഭാഗമായി ജില്ലാ പരിശോധനാ ടീം ഈ മാലിന്യ നിക്ഷേപ കേന്ദ്രം പരിശോധിക്കുകയും വിഷയത്തിന്റെ ഗൗരവം ഉന്നതതലങ്ങളിൽ എത്തുകയും ചെയ്തു. കൂട്ടിക്കലർത്തിയുള്ള ടൺ കണക്കിന് മാലിന്യം നീക്കം ചെയ്യൽ വലിയ വെല്ലുവിളിയായിരുന്നു. താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഈ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും ടെണ്ടർ ക്ഷണിച്ചതിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗ്രീൻ വേംസ് ഏജൻസി പ്രവർത്തി ഏറ്റെടുക്കുകയും ചെയ്തു. കിലോയ്ക്ക് 5 രൂപ 50 പൈസ തോതിൽ മാലിന്യങ്ങൾ പ്രാഥമിക തരംതിരിക്കൽ നടത്തി ചാക്കുകളിൽ നിറച്ച് നീക്കം ചെയ്യുന്ന രീതിയിലാണ് പ്രവർത്തനം ആവിഷ്കരിച്ചത്.





**<u>മാലിന്യം നീക്കം ചെയ്യൽ പൂർത്തിയാവുന്നു</u>**

മാസങ്ങൾ നീണ്ട പ്രവർത്തനം കൊണ്ടാണ് ഇപ്പോൾ 2022 ജനുവരി മാസം അവസാനത്തോടെ മാലിന്യങ്ങൾ ഏതാണ്ട് പൂർണമായും നീക്കം ചെയ്ത് കഴിഞ്ഞിട്ടുള്ളത്. കുന്നിൻ മുകളിലുള്ള ട്രെഞ്ചിംഗ് ഗ്രൗണ്ടിൽ ചെറിയ വണ്ടിയിൽ ഇവ താഴെ എത്തിച്ച്, പിന്നീട് വലിയ വണ്ടിയിൽ സിമന്റ് ഫാക്ടറിയിൽ എത്തിച്ച് ഫർണസിൽ കത്തിക്കുന്നതിനാണ് ഈ മാലിന്യം ഉപയോഗിച്ചത്. ആ നിലയിൽ മറ്റെവിടെയും നിക്ഷേപിക്കാതെ ഈ മാലിന്യങ്ങൾ സംസ്കരിക്കാനായി. **ഇത്തരത്തിൽ 358 ടൺ മാലിന്യമാണ് നീക്കം ചെയ്തത്.**

ഗ്രീൻ വേംസ് കോഴിക്കോടിന്റെ സഹകരണത്തോടെയാണ് താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഹരിതം സുന്ദരം താമരശ്ശേരി പദ്ധതി നടപ്പിലാക്കുന്നത്. നാലേ മുക്കാൽ ഏക്കർ വരുന്ന ട്രഞ്ചിംങ്ങ് ഗ്രൗണ്ടിന്റെ മനോഹാരിത നില നിർത്തികൊണ്ട് മാലിന്യ സംസ്കരണത്തിന് പ്രത്യേക കോംപ്ലക്സ് പണിയുന്നതിന് രൂപ രേഖ തയ്യാറാക്കുമെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ജെ.ടി. അബ്ദുറഹിമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ എ.അരവിന്ദൻ എന്നിവർ പറഞ്ഞു.





**<u>മാലിന്യം നീക്കം ചെയ്തതിന് ശേഷമുള്ള ദൃശ്യങ്ങൾ</u>**













**<u>നിരന്തര വിലയിരുത്തൽ</u>**

മാലിന്യ നീക്കം ചെയ്യൽ ഗ്രാമപഞ്ചായത്ത് നിരന്തരം മോണിറ്ററിംഗ് നടത്തുകയും അതോടൊപ്പം ജില്ലാ ഹരിതകേരളം മിഷന്റെ പുരോഗതി വിലയിരുത്തലും പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞു. 2021 ഏപ്രിൽ മാസത്തിൽ നടത്തിയ സന്ദർശനത്തിന് പുറമെ ഹരിതകേരളം മിഷൻ ജില്ലാ

കോർഡിനേറ്റർ 12.07.2021 ന് താമരശ്ശേരി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ. അരവിന്ദൻ, ഹെൽത്ത് ഇൻസ്‌പെക്ടർ സമീർ എന്നിവരോടൊപ്പം സ്ഥല സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുകയും തുടർന്ന് 08.08.2021 ന് തുടർ സന്ദർശനം നടത്തുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി, ആരോഗ്യ-വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്‌പെക്ടർ, വി ഇ ഒ, അസി.എഞ്ചിനീയർ എന്നിവരുടെയും ഗ്രീൻ വേംസ് ഏജൻസിയുടെയും പ്രവർത്തനവും ഇടപെടലും പ്രത്യേകം എടുത്തുപറയേണ്ടതാണ്.



<u>**ഭാവി പ്രവർത്തനങ്ങൾ**</u>

നിലവിൽ ഗ്രീൻ വേംസിന്റെ സഹായത്തോടെ നടത്തിവരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ തന്നെ സുസ്ഥിരമാക്കേണ്ടതുണ്ട്. നിലവിലുള്ള എം സി എഫ് ഫലപ്രദമായി ഉപയോഗിക്കുകയും നാലേ മുക്കാൽ ഏക്കർ വരുന്ന സ്ഥലത്ത് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ, വേർതിരിച്ച അജൈവമാലിന്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധനവ് ഉൽപന്നങ്ങൾ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ബദൽ ഉൽപന്നങ്ങളുടെ നിർമ്മാണം, പൂന്തോട്ടം, പച്ചത്തുരുത്ത്, ജൈവ മാലിന്യങ്ങൾ സംസ്കരിച്ചുള്ള വളം ഉപയോഗിച്ച് ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ പച്ചക്കറി, വാഴ, മറ്റു വിളകൾ എന്നിവയുടെ കൃഷി എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ ഭാവിയിൽ ഏറ്റെടുക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തുള്ള മാലിന്യ സംസ്കരണ കോംപ്ലക്സായി ഇവിടം മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. നിലവിൽ ഈ സ്ഥലത്തേക്ക് എത്തിച്ചേരുന്നതിനുള്ള റോഡ് സ്വകാര്യ എസ്റ്റേറ്റിൽ കൂടിയാണ് കടന്നുവരുന്നത്. ടാർ ചെയ്യാത്തതിനാൽ വാഹനങ്ങൾ സ്ഥലത്തേക്ക് എത്തിച്ചേരുന്നത് അങ്ങേയറ്റം ദുഷ്കരമാണ്. ഈ വിഷയം എങ്ങനെ പരിഹരിക്കാനാവുമെന്ന് ഗ്രാമപഞ്ചായത്ത് പരിശോധിക്കണം. മാലിന്യ സംസ്കരണ കേന്ദ്രത്തിന് ചുറ്റും എസ്റ്റേറ്റും വിജനമായ പ്രദേശവുമായതിനാൽ കാട്ടുപന്നി പോലുള്ള വന്യജീവികൾ പ്രദേശത്ത് എത്തുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള ചുറ്റുമതിൽ, മുള്ളുവേലി എന്നിവ സ്ഥാപിക്കേണ്ടതായി വരും. സമീപഗ്രാമപഞ്ചായത്തുകളുടെ കൂടി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനും റീസൈക്ലിംഗിന് അയക്കാനും ഉതകുന്ന രീതിയിലുള്ള ഒരു സംരംഭ

മായി ഇവിടുത്തെ പ്രവർത്തനങ്ങളെ മാറ്റാനുള്ള സാധ്യതകളും ഏറെയുണ്ട്.

**<u>പ്രവൃത്തി പൂർത്തീകരണം കേക്ക് മുറിച്ച് ആഘോഷിച്ചപ്പോൾ – 02.02.2022</u>**

ട്രഞ്ചിംങ്ങ് ഗ്രൗണ്ട് മാലിന്യങ്ങൾ പൂർണ്ണമായി നീക്കം ചെയ്തതിന്റെ പ്രത്യേക ആഘോഷം 2022 ഫെബ്രുവരി 2 ന് പ്രസ്തുത സ്ഥലത്ത് വച്ച് തന്നെ കേക്ക് മുറിച്ച് കൊണ്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ജെ.ടി.അബ്ദുറഹിമാൻ നിർവ്വഹിച്ചു. ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഖദീജ സത്താർ അദ്ധ്യക്ഷത വഹിച്ചു. ഹരിത കേരള മിഷൻ ജില്ലാ കോർഡിനേറ്റർ പി. പ്രകാശ്, വികസന സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ എം.ടി.അയ്യൂബ് ഖാൻ, ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർ പേഴ്സൺ മഞ്ജിത, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അഡ്വ: ജോസഫ് മാത്യു, സംഷിദഷാഫി, സെക്രട്ടറി ജയ്സെൻ എൻ.ഡി, ഹെൽത്ത് ഇൻസ്പെക്ടർ സമീർ .വി, വി.ഇ.ഒ മാരായ ഫസ്ന, രസിത, ഗ്രീൻവേംസ് ഡയറക്ടർ സി.കെ.എ. ഷമീർ ബാവ, ഹരിതം സുന്ദരം കോർഡിനേറ്റർ സത്താർ പള്ളിപ്പുറം, ചാലക്കര ഇസ്ഹാഖ് തുടങ്ങിയവർ സംബന്ധിച്ചു.





**തമരശ്ശേരി ഗ്രാമപഞ്ചായത്തിന് അഭിനന്ദനങ്ങൾ**

മാതൃകാപരമായി ഈ പ്രവർത്തനം നടപ്പിലാക്കിയ താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയെയും ഉദ്യോഗസ്ഥരെയും പദ്ധതി നിർവ്വഹണത്തിന് സഹായിച്ച ഗ്രീൻ വേംസ് ഏജൻസിയെയും പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചവരെയും ഹരിതകേരളം മിഷന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. മുൻകാലങ്ങളിൽ നടത്തിയ അശാസ്ത്രീയ പ്രവർത്തനങ്ങളെ പരിഹരിച്ച് ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താമരശ്ശേരി ഗ്രാമപഞ്ചായത്ത് നടത്തിയ ഇടപെടൽ തീർച്ചയായും മാതൃകാപരമാണ്.

**പത്ര വാർത്തകൾ**

Mathrubhumi
മാതൃഭൂമി

# ട്രഞ്ചിങ് ഗ്രൗണ്ടിൽ മാലിന്യസംസ്കരണ കോംപ്ലക്സ് ഒരുക്കും

**താമരശ്ശേരി ▸** ഒരുകാലത്ത് മാലിന്യക്കൂമ്പാരമായി നിലനിന്നിരുന്ന ട്രഞ്ചിങ് ഗ്രൗണ്ടിന് പുതിയമുഖം നൽകി അവിടെ പ്രത്യേക മാലിന്യ സംസ്കരണ കോംപ്ലക്സ് തയ്യാറാക്കാനൊരുങ്ങി താമരശ്ശേരി ഗ്രാമപ്പഞ്ചായത്ത്.

അമ്പലമുക്ക് പൂവറ എസ്റ്റേറ്റിനുള്ളിലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നാലരയേക്കർസ്ഥലത്ത് കാലങ്ങളായി കെട്ടിക്കിടന്നിരുന്ന മാലിന്യം പൂർണമായി നീക്കംചെയ്ത അധികൃതർ 358 ടണ്ണോളം മാലിന്യമാണ് ഇതിനകം ശാസ്ത്രീയസംസ്കരണത്തിന് അയച്ചത്. ഗ്രീൻവേംസ് കോഴിക്കോടിന്റെ സഹകരണത്തോടെ 'ഹരിതം സുന്ദരം താമരശ്ശേരി' പദ്ധതിയുടെ ഭാഗമായാണ് മാലിന്യനിർമാർജനം പുതിയ ഭരണസമിതി യാഥാർഥ്യമാക്കിയത്.

ട്രഞ്ചിങ് ഗ്രൗണ്ടിന്റെ മനോഹാരിത നിലനിർത്തിക്കൊണ്ട് പ്രത്യേക മാലിന്യസംസ്കരണ കോംപ്ലക്സ് പണിയുന്നതിനായി രൂപരേഖ തയ്യാറാക്കുമെന്ന് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി. അബ്ദുറഹിമാനും ആരോഗ്യസ്ഥിരംസമിതി അധ്യക്ഷൻ എ. അരവിന്ദനും അറിയിച്ചു.

ട്രഞ്ചിങ് ഗ്രൗണ്ടിൽനിന്ന് മാലിന്യങ്ങളാം പൂർണമായി നീക്കം ചെയ്തതിന്റെ ആഘോഷച്ചടങ്ങ് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി. അബ്ദുറഹിമാൻ കേക്കുമുറിച്ച് ഉദ്ഘാടനംചെയ്തു. വൈസ് പ്രസിഡന്റ് ഖദീജാ സത്താർ അധ്യക്ഷയായി.

ഹരിതകേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പി. പ്രകാശൻ, എം.ടി. അയ്യൂബ് ഖാൻ, മഞ്ജിത കുറ്റിയാക്കിൽ, ജോസഫ് മാത്യു, സംഷിദ ഷാഫി, എൻ.ഡി. ജയ്സെൻ, വി. സെമീർ, സി.കെ.എ. ഷമീർ ബാവ, സത്താർ പള്ളിപ്പുറം, ഫസ്ന, രസിത, ചാലക്കര ഇസ്ഹാഖ് എന്നിവർ പങ്കെടുത്തു.



▶ മാലിന്യസംസ്കരണ കോംപ്ലക്സ് നിർമിക്കാൻ പദ്ധതിയിടുന്ന പൂവറ എസ്റ്റേറ്റിലെ ട്രഞ്ചിങ് ഗ്രൗണ്ടിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി. അബ്ദുറഹിമാന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശനം നടത്തിയപ്പോൾ

03/02/2022 THAMARASSERY Pg 02

മാധ്യമം

Date 4 Feb 2022

# താമരശ്ശേരിയിൽ ഹൈടെക് മാലിന്യ സംസ്കരണ കേന്ദ്രം വരുന്നു

● അമ്പലമുക്കിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നാലര ഏക്കർ സ്ഥലത്താണ് പദ്ധതി

**താമരശ്ശേരി:** മാലിന്യ നിർമാർജനത്തിന് ഹൈടെക് സംസ്കരണ കേന്ദ്രം താമരശ്ശേരിയിൽ സ്ഥാപിക്കുമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ.ടി. അബ്ദുറഹിമാൻ. ഗ്രാമപഞ്ചായത്ത് നേരിട്ട് പദ്ധതി ആവിഷ്കരിച്ച് ജൈവ - അജൈവ മാലിന്യം വേർതിരിച്ച് ജൈവ മാലിന്യം വളമാക്കുകയും അജൈവ മാലിന്യം കയറ്റി അയക്കുകയുമാണ് ലക്ഷ്യം. ഇതിനായി അത്യാധുനിക യന്ത്രസാമഗ്രികൾ അടങ്ങുന്ന

## ട്രഞ്ചിങ്ങ് ഗ്രൗണ്ടിലെ മാലിന്യം നീക്കി

● കെട്ടിക്കിടന്ന 358 ടൺ മാലിന്യം സംസ്ക്കരണത്തിനയച്ചു

**താമരശ്ശേരി:** ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അമ്പലമുക്ക് പൂവറ എസ്റ്റേറ്റിനുള്ളിലെ ട്രഞ്ചിങ് ഗ്രൗണ്ടിൽ കെട്ടിക്കിടന്ന മാലിന്യം പൂർണമായും നീക്കി ഗ്രാമ പഞ്ചായത്ത് മാതൃകയായി. പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം ഗ്രാമപഞ്ചായത്ത് 'ഹരിതം സുന്ദരം താമരശ്ശേരി' പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുകയാണ്. ഇവിടെ കെട്ടിക്കിടന്ന 358 ടൺ മാലിന്യമാണ് ശാസ്ത്രീയമായി സംസ്കരണത്തിനയച്ചത്. ഗ്രീൻവേർമ്സ് കമ്പനിയുടെ സഹകരണത്തോടെയാണ് 'ഹരിതം സുന്ദരം താമരശ്ശേരി' പദ്ധതി നടപ്പാക്കുന്നത്. നാലരയേക്കർ വരുന്ന ട്രഞ്ചിങ് ഗ്രൗണ്ടിന്റെ മനോഹാരിത നിലനിർത്തി മാലിന്യ സംസ്കരണത്തിന് പ്രത്യേക കോംപ്ലക്സ് പണിയാൻ രൂപരേഖ തയാറാക്കുമെന്ന് പ്രസിഡന്റ് ജെ.ടി. അബ്ദുറഹിമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എ. അരവിന്ദൻ എന്നിവർ പറഞ്ഞു.

ട്രഞ്ചിങ് ഗ്രൗണ്ട് മാലിന്യങ്ങൾ പൂർണമായി നീക്കുന്നതിന്റെ ആഘോഷം കേക്ക് മുറിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഖദീജ സത്താർ അധ്യക്ഷത വഹിച്ചു. പി. പ്രകാശൻ, എം.ടി. അയ്യൂബ് ഖാൻ, മഞ്ജിത, സി.കെ.എ. ഷമീർ ബാവ, സത്താർ പള്ളിപ്പുറം എന്നിവർ പങ്കെടുത്തു.



താമരശ്ശേരിക്കടുത്ത് അമ്പലമുക്കിൽ ഹൈടെക് മാലിന്യ സംസ്കരണ കേന്ദ്രം തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലം

കോംപ്ലക്സ് സ്ഥാപിക്കും. അമ്പലമുക്ക് പൂവറ എസ്റ്റേറ്റിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നാലരയേക്കർ സ്ഥലത്താണ് പദ്ധതി നടപ്പാക്കുക. പദ്ധതിയിലൂടെ തൊഴിലവസരങ്ങളും സാമ്പത്തിക വരുമാനവും ഗ്രാമപഞ്ചായത്ത് പ്രതീക്ഷിക്കുന്നുണ്ട്.



ട്രഞ്ചിംങ്ങ് ഗ്രൗണ്ടിൽ നിന്ന് മാലിന്യങ്ങൾ പൂർണമായി നീക്കം ചെയ്യൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി.അബ്ദുറഹിമാൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

'ഹരിതം സുന്ദരം താമരശ്ശേരി'

# ട്രഞ്ചിംങ്ങ് ഗ്രൗണ്ടിൽ മാലിന്യ സംസ്കരണ കോംപ്ലക്സ് പദ്ധതി

താമരശ്ശേരി: ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അമ്പലമുക്ക് പൂവറ എസ്റ്റേറ്റിനുള്ളിലെ ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ കെട്ടിക്കിടന്നിരുന്ന മാലിന്യം പൂർണ്ണമായും നീക്കം ചെയ്ത് താമരശ്ശേരി ഗ്രാമ പഞ്ചായത്ത് മാതൃകയായി. പുതിയ ഭരണ സമിതി നിലവിൽ വന്നതിന് ശേഷം ഗ്രാമ പഞ്ചായത്ത് 'ഹരിതം സുന്ദരം താമരശ്ശേരി'എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമ പഞ്ചായത്തിന് ഏറെ വെല്ലുവിളി നിറഞ്ഞ വിഷയമായിരുന്നു നിലവിൽ കെട്ടി കിടക്കുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുക എന്നുള്ളത് . ഇവിടെ കെട്ടിക്കിടന്ന 358 ടൺ മാലിന്യമാണ് ഗ്രാമപഞ്ചായത്ത് ശാസ്ത്രീയമായി സംസ്ക്കരണത്തിനയച്ച് മാതൃകയായത്. ഗ്രീൻവേർമ്സ് കോഴിക്കോടിന്റെ സഹകരണത്തോടെയാണ് താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഹരിതം സുന്ദരം താമരശ്ശേരി പദ്ധതി നടപ്പിലാക്കുന്നത്. നാലര ഏക്കർ വരുന്ന ട്രഞ്ചിംങ്ങ് ഗ്രൗണ്ടിന്റെ മനോഹാരിത നില നിർത്തികൊണ്ട് മാലിന്യ സംസ്കരണത്തിന് പ്രത്യേക കോംപ്ലക്സ് പണിയുന്നതിന് രൂപ രേഖ തയ്യാറാക്കുമെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി.അബ്ദുറഹിമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ എ.അരവിന്ദൻ എന്നിവർ പറഞ്ഞു. ട്രഞ്ചിംങ്ങ് ഗ്രൗണ്ടിൽ നിന്ന് മാലിന്യങ്ങൾ പൂർണമായി നീക്കം ചെയ്തതിന്റെ പ്രത്യേക ചടങ്ങ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെ.ടി.അബ്ദുറഹിമാൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഖദീജ സത്താർ അധ്യക്ഷത വഹിച്ചു. ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പി. പ്രകാശൻ, വികസന സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ എം.ടി.അയ്യൂബ് ഖാൻ, ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർ പേഴ്സൺ മഞ്ജിത കുറ്റിയാക്കിൽ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അഡ്വ: ജോസഫ് മാത്യു, ഷംസിദ ഷാഫി, സെക്രട്ടറി ജയ്സെൻ എൻ.ഡി, ഹെൽത്ത് ഇൻസ്പെക്ടർ സെമീർ വി, വി.ഇ.ഒ മാരായ ഫസ്ന, രസിത, ഗ്രീൻവേർമ്സ് ഡയറക്ടർ സി.കെ.എ.ഷമീർ ബാവ, ഹരിതം സുന്ദരം കോ-ഓർഡിനേറ്റർ സത്താർ പള്ളിപ്പുറം, ഇസ്ഹാഖ് ചാലക്കര തുടങ്ങിയവർ സംബന്ധിച്ചു.

(ഒപ്പ്/-)

ജില്ലാ കോർഡിനേറ്റർ
ഹരിതകേരളം മിഷൻ
കോഴിക്കോട്